**Signature and Name of Invigilator**

1. (Signature) ____________________

   (Name) ____________________

2. (Signature) ____________________

   (Name) ____________________

**Answer Sheet No. :** ..............................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ____________________

(In words)

**Test Booklet No.**

**D – 2207**

**PAPER – II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Serial No. of the booklet should be entered in the Answer-sheets and the Serial No. of Answer Sheet should be entered on this Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ⬬ (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या उत्तर-पत्रक पर अंकित करें और उत्तर-पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ⬬ (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

## PAPER II

Note : ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**1.** ‘‘പതിനാലാം ശതകത്തിന്റെ ആരംഭത്തിൽ കേരളത്തിൽ ത്രൈവർണ്ണികരല്ലാത്തവർക്കിടയിൽ പ്രചരിച്ചിരുന്ന ഭാഷയുടെ സാഹിത്യരൂപമാണ് രാമചരിതത്തിൽ കാണുന്നത്.” ആരാണ് ഇങ്ങനെ വാദിച്ചത്?

(A) ശൂരനാട്ടുകുഞ്ഞൻപിള്ള　　(B) എൽ.വി.രാമസ്വാമി അയ്യർ

(C) ഇളംകുളം കുഞ്ഞൻപിള്ള　　(D) ഡോ. കെ.എം. ജോർജ്ജ്

**2.** പുനം നമ്പൂതിരിയെക്കുറിച്ച് പരാമർശിക്കുന്ന മണിപ്രവാളകാവ്യം.

(A) നൈഷധം ചമ്പു　　(B) ഉണ്ണിയാടിചരിതം

(C) ചന്ദ്രോത്സവം　　(D) കൊടിയ വിരഹം ചമ്പു

**3.** ഉമാകേരളത്തിന്റെ പ്രത്യേകതകൾ

(1) കേരളചരിത്രനിഷ്ഠമായ കാവ്യം

(2) വികാരതീക്ഷ്ണത

(3) സജാതീയ ദ്വിതീയാക്ഷരപ്രാസനിഷ്ഠ

(4) ചിന്താഗരിഷ്ഠത

(A) ഒന്നു മാത്രം ശരി　　(B) ഒന്നും മൂന്നും മാത്രം ശരി

(C) മൂന്നും നാലും ശരി　　(D) രണ്ടും നാലും ശരി

**4.** ശരിയായി ചേർത്തെഴുതിയിരിക്കുന്നതേത് ?

(1) ദൈവയോഗം　　(a) കെ.പി. കറുപ്പൻ

(2) ആസന്നമരണ ചിന്താശതകം　　(b) വി.സി. ബാലകൃഷ്ണപ്പണിക്കർ

(3) ബാലാകലേശം　　(c) കേരളവർമ്മ

(4) വിശ്വരൂപം　　(d) കെ.സി. കേശവപിള്ള

(e) കുണ്ടൂർ

(A) 1c, 2b, 3d, 4a　　(B) 1c, 2a, 3d, 4e

(C) 1c, 2d, 3a, 4b　　(D) 1e, 2a, 3c, 4a

5. താഴെ കൊടുത്തവയിൽ സ്വനാധിഷ്ഠിത രൂപങ്ങൾ (Phonologically conditioned allomorphs) ഏത് ?

(A) അർ, മാർ, കൾ

(B) തു, ഇ

(C) ക്ക്, ഉ്

(D) അൻ, ഇ

6. പ്രസിദ്ധപ്പെടുത്തിയ കാലക്രമമനുസരിച്ച് താഴെ കൊടുക്കുന്ന നിഘണ്ടുക്കളെ ക്രമീകരിക്കുക.

(A) ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു,
കോളിൻസിന്റെ മലയാള നിഘണ്ടു,
ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി,
ശബ്ദസാഗരം.

(B) കോളിൻസിന്റെ മലയാള നിഘണ്ടു,
ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു,
ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി,
ശബ്ദസാഗരം

(C) ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു,
ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി,
കോളിൻസിന്റെ മലയാള നിഘണ്ടു,
ശബ്ദസാഗരം.

(D) കോളിൻസിന്റെ മലയാള നിഘണ്ടു,
ശബ്ദസാഗരം,
ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലി,
ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു.

7. **കാര്യം :** മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തിന് ആയുസ്സ് കുറവായിരുന്നു.

**കാരണം :** ഗതാനുഗതികത്വവും രൂപഭാവപരമായി മാറ്റമില്ലാത്ത ചട്ടക്കൂടും ആസ്വാദകരിൽ മടുപ്പുളവാക്കി.

(A) കാര്യം ശരി, കാരണം തെറ്റ്

(B) കാര്യവും കാരണവും തെറ്റ്

(C) കാര്യവും കാരണവും ഭാഗികമായി മത്രം ശരി

(D) കാര്യവും കാരണവും ശരി

8. ശരിയായി ചേർത്തെഴുതിരിക്കുന്നതേത്?

| | | | |
|---|---|---|---|
| (1) | ഇരയിമ്മൻതമ്പി | (a) | ബുദ്ധചരിതം |
| (2) | കോട്ടയത്തുതമ്പുരാൻ | (b) | കർണ്ണശപഥം |
| (3) | മാലി മാധവൻ നായർ | (c) | കാലകേയവധം |
| (4) | എൻ.വി.കൃഷ്ണവാരിയർ | (d) | ഉത്തരാസ്വയംവരം |
| | | (e) | താടകാവധം |

(A) 1a, 2d, 3b, 4c

(B) 1d, 2c, 3b, 4a

(C) 1e, 2a, 3d, 4c

(D) 1d, 2a, 3b, 4e

9. "സ്വസ്തിശ്രീ കൊല്ലത്തോന്റി നൂറ്റുനാർ പത്തൊമ്പതാമാണ്ടു തുലാത്തുനാൾ വിയാഴനിന്റെ വിരിച്ചിക ഞായിറ്റു ഞായിറാണ്ടു അച്ചുവതി" എന്ന് ഏത് ശാസനമാണാരംഭിക്കുന്നത് ?

(A) മാമ്പള്ളി ശാസനം
(B) ജൂത ശാസനം
(C) വാഴപ്പള്ളി ശാസനം
(D) തിരുവല്ലാ ശാസനം

10. "പദേപദേ നാംപ്രമുദിതർകാൺമൂ
ഭവാബ്ധി ഗോഷ്പദമായ്"

ആരാണ് ഇങ്ങനെ പറഞ്ഞത് ?

(A) കുമാരനാശാൻ
(B) വള്ളത്തോൾ
(C) ഉള്ളൂർ
(D) നാലപ്പാട്ട്

11. ഉത്തങ്കോപാഖ്യാനത്തെ ആസ്പദമാക്കി എഴുതപ്പെട്ട ആധുനിക കാവ്യം.

(A) മുഖമെവിടെ?
(B) ശാർങ്ഗകപക്ഷികൾ
(C) ശിവപെരുമാൾ
(D) വജ്രകുണ്ഡലം

12. പി.പി. രാമചന്ദ്രന്റെ കാവ്യസമാഹാരം

(A) മഴപ്പൊട്ടൻ
(B) തുരുമ്പ്
(C) അന്ധകാണ്ഡം
(D) രണ്ടായ്മുറിച്ചത്

13. "എനിക്കു വിശ്വസിക്കാൻ വയ്യ
മുലപ്പാൽകൊണ്ട് തീ ആളിക്കത്തിക്കാമെന്ന്
താരാട്ടുകൊണ്ട് ഭൂകമ്പമുണ്ടാക്കാമെന്ന്."

ഏത് കവിയുടെ വരികൾ ?

(A) അയ്യപ്പപ്പണിക്കർ
(B) സച്ചിദാനന്ദൻ
(C) ആറ്റൂർ രവിവർമ്മ
(D) ദേശമംഗലം രാമകൃഷ്ണൻ

14. ശരിയായി ചേർത്തെഴുതിയിരിക്കുന്നതേത്?

| | | | |
|---|---|---|---|
| (1) | ദേവദാസി | (a) | അനിതാതമ്പി |
| (2) | ജ്ഞാനഗ്നി | (b) | എസ്.ജോസഫ് |
| (3) | ഐഡന്റിറ്റികാർഡ് | (c) | സുഗതകുമാരി |
| (4) | മുറ്റമടിക്കുമ്പോൾ | (d) | ഒ.എൻ.വി |
| | | (e) | കെ.ആർ.ടോണി |

(A) 1b, 2a, 3d, 4e
(B) 1c, 2a, 3c, 4e
(C) 1c, 2d, 3b, 4a
(D) 1d, 2b, 3a, 4b

15. 'വിൽ തു' 'വിറ്റു' ആകുന്നതിന്റെ വ്യാകരണപരമായ അടിസ്ഥാനമെന്ത് ?

(A) വിനാമക്രിയ
(B) ദ്വിത്വസന്ധി
(C) നിഗീർണ്ണകർതൃകം
(D) കാരിതീകരണം

16. 'സമർത്ഥനായ'- ഇത് ഭേദകത്തിന്റെ ഏത് വിഭാഗത്തിൽപ്പെടുന്നു ?

(A) സാംഖ്യം
(B) വിഭാവകം
(C) സാർവനാമികം
(D) ശുദ്ധം

17. **കാര്യം :** മലയാളത്തിൽ മനഃശാസ്ത്ര വിമർശനം വേരുപിടിച്ചില്ല.

**കാരണം :** വിമർശനത്തിൽ ആനുഷംഗികമായി മനഃശാസ്ത്ര പരാമർശങ്ങൾ നടത്തുകയല്ലാതെ ആരും ആ വിമർശനപദ്ധതിയെ ഗൗരവത്തോടെ സമീപിച്ചില്ല.

(A) കാര്യം ശരി, കാരണം തെറ്റ്
(B) കാരണം ശരി, കാര്യം തെറ്റ്
(C) കാര്യവും കാരണവും തെറ്റ്
(D) കാര്യവും കാരണവും ശരി

18. മറിയാമ്മ നാടകം പുറത്തുവന്ന വർഷം

(A) 1878
(B) 1879
(C) 1897
(D) 1903

19. സംസ്കൃതനാടക രീതിയിൽ സമകാലസാമൂഹിക ജീവിതം ചിത്രീകരിക്കുന്ന സ്വതന്ത്രനാടകമാണ്

(A) ഉമാവിവാഹം
(B) ലക്ഷണാസംഗമം
(C) കല്യാണീ നാടകം
(D) വേണീ സംഹാരം

20. താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ശരി ?

(A) 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' യുടെ രണ്ടാം ഭാഗമാണ് സിവിക്ചന്ദ്രന്റെ 'നിങ്ങളാരെ കമ്യൂണിസ്റ്റാക്കി' ?
(B) 'അശ്വമേധത്തിന്റെ രണ്ടാം ഭാഗമാണ് 'ശരശയ്യ'
(C) 'അവനവൻ കടമ്പ'യുടെ രണ്ടാം ഭാഗമാണ് 'ദൈവത്താർ'
(D) 'പാട്ടബാക്കി' യുടെ രണ്ടാം ഭാഗമാണ് 'കൂട്ടുകൃഷി'

21. 'സ്വഭാവോക്തി' അലങ്കാരമല്ലെന്ന് സിദ്ധാന്തിച്ച കാവ്യ ശാസ്ത്രകാരൻ.

(A) ദണ്ഡി
(B) വാമനൻ
(C) കുന്തകൻ
(D) അഭിനവഗുപ്തൻ

22. ‘വെളിച്ചത്തിനുമെന്തുവെളിച്ചം’ - ഏത് നോവലിലെ പരാമർശം ?

(A) ഓടയിൽ നിന്ന് (B) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

(C) ഇന്ദുലേഖ (D) ഒതപ്പ്

23. ‘ചുടലമുത്തു’ ഏത് നോവലിലെ കഥാപാത്രം ?

(A) തോട്ടിയുടെ മകൻ (B) അയല്ക്കാർ

(C) യന്ത്രം (D) ഒരു തെരുവിന്റെ കഥ

24. മാപ്പിളലഹളയുടെ പശ്ചാത്തലത്തിൽ ഉറൂബ് എഴുതിയ നോവൽ.

(A) കുഞ്ഞമ്മയും കൂട്ടുകാരും (B) ഉമ്മാച്ചു

(C) അമ്മിണി (D) സുന്ദരികളും സുന്ദരന്മാരും

25. ശരിയായി ചേർത്തെഴുതിയിരിക്കുന്നതേത് ?

| | | | |
|---|---|---|---|
| (1) | സുനന്ദ | (a) | സുന്ദരികളം സുന്ദരന്മാരും |
| (2) | ഗണേശൻ | (b) | ആരോഹണം |
| (3) | വിശ്വനാഥൻ | (c) | അപഹരിക്കപ്പെട്ട ദൈവങ്ങൾ |
| (4) | പ്രജാപതി | (d) | ധർമ്മപുരാണം |
| | | (e) | രാജാക്കന്മാരുടെ പുസ്തകം |

(A) 1b, 2c, 3a, 4d
(B) 1d, 2b, 3d, 4a
(C) 1b, 2c, 3d, 4e
(D) 1a, 2d, 3b, 4c

26. ‘ആത്മാവിന്റെ മുറിവുകൾ’ ആരുടെ ചെറുകഥയെക്കുറിച്ചുള്ള പഠനമാണ് ?

(A) തകഴി

(B) ടി. പത്മനാഭൻ

(C) എം.ടി. വാസുദേവൻ നായർ

(D) എൻ.എസ്. മാധവൻ

27. ഏതു മികച്ച വിമർശനവും പക്ഷപാതപൂർണ്ണമായിരിക്കുമെന്ന് വാദിച്ചതാര് ?

(A) മുണ്ടശ്ശേരി
(B) കുട്ടികൃഷ്ണമാരാർ
(C) സി.എസ്. നായർ
(D) കെ.രാമകൃഷ്ണപിള്ള

28. 'ആധുനിക മലയാളസാഹിത്യം ഒരു 'സാമന്ത' സാഹിത്യമാണ്. അത് പാശ്ചാത്യസാഹിത്യ പ്രവണതകളെ വ്രതനിഷ്ഠയോടെ അനുകരിക്കുന്നു.' ആരാണ് ഇങ്ങനെ വാദിച്ചത് ?

(A) കെ.പി. അപ്പൻ
(B) വി. രാജകൃഷ്ണൻ
(C) വി.സി. ശ്രീജൻ
(D) ആഷാമേനോൻ

29. അർദ്ധസമവൃത്തത്തിന് ഉദാഹരണം.

(A) പുഷ്പിതാഗ്ര
(B) മന്ദാക്രാന്ത
(C) പഞ്ചചാമരം
(D) ഉദ്ഗത

30. നാഗക്കളമെഴുതുന്ന ജനവിഭാഗം.

(A) പാണന്മാർ
(B) പുള്ളുവന്മാർ
(C) കുറുപ്പന്മാർ
(D) ചാക്യാന്മാർ

31. 'മുടിത്തെയ്യമുറയുമ്പോൾ' ഒരു ——

(A) പ്രണയകഥ
(B) സാമൂഹികവിമർശനപരമായ കഥ
(C) പാരിസ്ഥിതികാവബോധത്തിന്റെ കഥ
(D) ഫെമിനിസ്റ്റുകഥ

32. "ഇങ്ങനെ സംസ്കാരദൂഷകരായ ആ കവിപ്പരിഷകളുടെ മുന്നിൽ ഭാരതവും രാമായണവും ചുട്ടുകളയണമെന്ന് ആർത്തുനടക്കുന്ന ആ വിപ്ലവകാരികൾ എത്ര നിസ്സാരന്മാർ, എത്ര നിരുപദ്രവികൾ" ആരാണ് ഇങ്ങനെ എഴുത്തച്ഛനെയും കുഞ്ചൻ നമ്പ്യാരെയും വിമർശിച്ചത് ?

(A) എം.എസ്. ദേവദാസ്
(B) ഇ.എം.എസ്
(C) കുട്ടികൃഷ്ണമാരാർ
(D) മുണ്ടശ്ശേരി

**33.** ഇ.പി. രാജഗോപാലനും ശശിധരനും ചേർന്നെഴുതിയ 'കേളു' ഏതു ചരിത്ര വ്യക്തിത്വത്തെയാണ് കേന്ദ്രകഥാപാത്രമാക്കിയത് ?

(A) കെ. കേളപ്പൻ (B) എം.കെ. കേളു

(C) വിദ്വാൻ പി. കേളു നായർ (D) കേളു ശാസ്ത്രി

**34.** സി.പി. യുടെ ചരിത്ര നോവലുകളുടെ പ്രധാനസവിശേഷത

1. ചരിത്രത്തെ പരമാവധി സത്യസന്ധതയോടെ പിന്തുടരുന്നു

2. ചരിത്രത്തെ വളരെ കുറച്ചുമാത്രം ആശ്രയിക്കുന്നു

3. ചരിത്രത്തിൽ അല്പമാത്രം മാറ്റം വരുത്തുന്നു

4. ചരിത്രത്തെ ഭാവനാത്മകമായി പുനഃസൃഷ്ടിക്കുന്നു

(A) ഒന്നുമാത്രം ശരി (B) മൂന്നുമാത്രം ശരി

(C) ഒന്നും രണ്ടും ശരി (D) രണ്ടും നാലും ശരി

**35.** ശരിയായി ചേർത്തെഴുതിയിരിക്കുന്നതേത് ?

| | | | |
|---|---|---|---|
| (1) | നട്ടെല്ലികളുടെ ജീവിതം | (a) | ടി. പത്മനാഭൻ |
| (2) | ഹാരിസൺ സായ്‌വിന്റെ നായ | (b) | മാധവിക്കുട്ടി |
| (3) | വളർത്തുമൃഗങ്ങൾ | (c) | പട്ടത്തുവിള |
| (4) | മുരുകൻ എന്ന പാമ്പാട്ടി | (d) | എം.പി. നാരായണപിള്ള |
| | | (e) | എം.ടി.വാസുദേവൻ നായർ |

(A) 1c, 2a, 3e, 4d

(B) 1b, 2d, 3a, 4e

(C) 1c, 2a, 3e, 4b

(D) 1d, 2b, 3a, 4d

**36.** താഴെ കൊടുത്തവയിൽ ഏതു ദ്വന്ദ്വമാണ് കൃത്യമായി ചേരുന്നത് ?

(A) നിർമ്മാല്യം - പി.എൻ.മേനോൻ

(B) ഓളവും തീരവും - എം.ടി. വാസുദേവൻ നായർ

(C) അഗ്നിസാക്ഷി - ഭരതൻ

(D) മതിലുകൾ - പത്മരാജൻ

37. താഴെ കൊടുത്തവയിൽ ഏത് ദ്വന്ദ്വമാണ് കൃത്യമായി ചേരാത്തത് ?

| | | | |
|---|---|---|---|
| (A) | ജീവിക്കാൻ മറന്നു പോയ സ്ത്രീ | - | വെട്ടൂർരാമൻ നായർ |
| (B) | നാരായൻ | - | കൊച്ചരേത്തി |
| (C) | മാവേലി മൻറം | - | കെ. പാനൂർ |
| (D) | കലി | - | സി.എൻ. ശ്രീ കണ്ഠൻ നായർ |

38. ശരിയായി ചേർത്തെഴുതിയിരിക്കുന്നതേത് ?

| | | | |
|---|---|---|---|
| **1.** | ചേന്നാസ്സ് നമ്പൂതിരി | (a) | സൗന്ദര്യലഹരി |
| **2.** | ശ്രീനാരായണഗുരു | (b) | ബ്രഹ്മതത്ത്വനിർഭാസം |
| **3.** | ചട്ടമ്പിസ്വാമികൾ | (c) | ദർശനമാല |
| **4.** | ശങ്കരാചാര്യർ | (d) | തന്ത്രസമുച്ചയം |
| | | (e) | ധാതുകാവ്യം |

(A) 1c, 2b, 3d, 4a

(B) 1d, 2c, 3b, 4a

(C) 1e, 2b, 3c, 4a

(D) 1c, 2a, 3e, 4b

39. പരിമിത സ്വനിവം (Marginal phoneme) എന്നത്

(A) ഏതാനും സാഹചര്യങ്ങളിൽ മാത്രം വ്യത്യയം പ്രദർശിപ്പിക്കുന്നത്

(B) ഒരു ഉപസ്വനം മാത്രമുള്ളത്

(C) പരകീയ പദങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്നത്

(D) മറ്റു സ്വനിമങ്ങളെപ്പോലെ പ്രത്യക്ഷവത്കരണവും വിതരണവും ഇല്ലാത്തത്.

40. കൂത്തിലും കൂടിയാട്ടത്തിലും വിദൂഷകൻ ചൊല്ലുന്ന പ്രതിശ്ലോകങ്ങളുടെ ഭാഷ

(A) സംസ്കൃതം

(B) പ്രാകൃതം

(C) സംസ്കൃതവും മലയാളവും ഇടകലർന്നത്

(D) തമിഴും മലയാളവും ഇടകലർന്നത്

41. അർണ്ണോസ്പാതിരിയുടെ ശ്രദ്ധേയമായ സംഭാവന

1. മിഷനറി പ്രവർത്തനം

2. നിഘണ്ടുവും വ്യാകരണഗ്രന്ഥവും രചിച്ചു

3. വ്യാകരണ ഗ്രന്ഥവും കേരള ചരിത്രവും രചിച്ചു

4. ഏതാനും സംസ്കൃതകാവ്യങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി.

(A) ഒന്നുമാത്രം ശരി  (B) രണ്ടും മൂന്നും ശരി

(C) മൂന്നും നാലും ശരി  (D) രണ്ടു മാത്രം ശരി

42. മലയാളഭാഷ ഇന്തോ-ആര്യൻ ഭാഷകളിൽ നിന്ന് കടമെടുത്ത പദസഞ്ചയത്തെക്കുറിച്ച് ഗവേഷണം നടത്തിയ ഭാഷാശാസ്ത്രകാരൻ.

(A) ഡോ. ചേലനാട്ട് അച്യുതമേനോൻ

(B) എൽ.എ. രവിവർമ്മ

(C) ഡോ. കെ. ഗോദവർമ്മ

(D) ഡോ. എ.സി. ശേഖർ

43. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| (1) | വിലാപകാവ്യം | (a) | ലീലാതിലകം |
| (2) | അപസർപ്പകനോവൽ | (b) | തിലോദകം |
| (3) | ഹാസസാഹിത്യം | (c) | ഇന്ദുലേഖ |
| (4) | മണിപ്രവാളം | (d) | ഭാസ്കരമേനോൻ |
| | | (e) | ഇ.വി.കൃഷ്ണപിള്ള |

(A) 1a, 2c, 3b, 4e

(B) 1b, 2d, 3e, 4a

(C) 1e, 2c, 3b, 4a

(D) 1b, 2d, 3e, 4c

44. താഴെ കൊടുത്തവയിൽ ഏതു ദ്വന്ദ്വമാണ് ചേരാത്തത് ?

| | | | |
|---|---|---|---|
| (A) | അഗ്നിച്ചിറകുകൾ | - | എം.പി.ജെ. അബ്ദുൽകലാം |
| (B) | മധ്യകാലമലയാളം | - | ഡോ. പി.വി. വേലായുധൻപിള്ള |
| (C) | എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി | - | പ്രോഫ. സി. എൽ. ആന്റണി |
| (D) | കേരളഭാഷയുടെ വികാസ പരിണാമങ്ങൾ | - | ഇളംകുളം കുഞ്ഞൻപിള്ള |

**45.** മാപ്പിളപ്പാട്ടുകളിലെ വൃത്തരീതി:

1. സംസ്കൃതവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും

2. എതുകയും മോനയും

3. പ്രാചീന അറേബ്യൻകാവ്യങ്ങളിലെ വൃത്തങ്ങൾ

4. ഈശൽ

(A) ഒന്നു ശരി

(B) രണ്ടും നാലും ശരി

(C) നാലു മാത്രം ശരി

(D) മൂന്നുമാത്രം ശരി

**താഴെ കൊടുത്തിട്ടുള്ള പ്രബന്ധഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

കലാസൃഷ്ടി ഒരു ജൈവരൂപമാണ്. അതുകൊണ്ട് കലയെ ജീവിതത്തോടു താരതമ്യപ്പെടുത്തിയല്ല മനസ്സിലാക്കേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ കലയുടെ സ്വത്വം തിരസ്കൃതമാവുന്നു. ഓരോ ജീവിതവും നിത്യഭദ്രമായ അനന്വയമാണ്. ആരും ആർക്കും പകരമല്ല. അതുപോലെതന്നെ കലയും. ജീവിതത്തിൽ മാതൃകകൾ ഇല്ലാത്തതു പോലെ കലയ്ക്കും മാതൃകകൾ ഇല്ല. ഓരോ സൃഷ്ടിയും സ്വയം പൂർണ്ണമാണ്. സ്വന്തം നിയമങ്ങളാൽ അതു ഭരിയ്ക്കപ്പെടുന്നു. കലാകാരന്റെ ഇച്ഛയ്ക്കുപോലും അവിടെ എന്തു പ്രസക്തി എന്ന് വിചാരണ ചെയ്യേണ്ടതാണ്. സൃഷ്ടാവിന്റെ ഇച്ഛയും സൃഷ്ടിയുടെ സ്വാതന്ത്ര്യവും ദൈവശാസ്ത്രത്തിൽ മാത്രമല്ലാ സൗന്ദര്യശാസ്ത്രത്തിലും പ്രസക്തം തന്നെ. സൃഷ്ടിയെ ജൈവരൂപമായി നിർമ്മിക്കുമ്പോൾ വർഗീകരണങ്ങളും പ്രസ്ഥാനവത്കരണങ്ങളും അർഥശൂന്യമായി പരിണമിക്കും. വിശേഷ ധർമ്മങ്ങളിലല്ല, പൊതു സ്വഭാവങ്ങളിലാണ് വർഗ്ഗങ്ങളും പ്രസ്ഥാനങ്ങളും ഊന്നുന്നത്. സ്ഥൂലമായ പൊതു സ്വഭാവങ്ങളെ വിട്ട് വൈയക്തിക സവിശേഷതകളിലേക്കു കടക്കുമ്പോഴേ കലാ നിരൂപണം അർഥവത്തും പ്രയോജന പ്രദവും ആകുന്നുള്ളു. എങ്കിലും സൗകര്യത്തിനുവേണ്ടി ചിലതരം തിരിവുകൾ വരുത്താൻ തുനിയുന്നത് തീരെ അവിവേകമാണെന്ന് പറയാനും കഴിയില്ല.

ആവിഷ്കരണം സംവേദനത്തിലാണ് പര്യവസാനിക്കുന്നത്. ആസ്വാദകനിൽ സമാനസ്പന്ദനം ഉണ്ടാക്കുന്നില്ലെങ്കിൽ ആവിഷ്കരണം വികലമായെന്നാണർത്ഥം. കവിയുടെ അനുഭൂതിയിലും ദർശനത്തിലും അനുവാചകനും എത്തിച്ചേരുന്നതാണ് സംവേദനം എന്നതുകൊണ്ട്

വിവക്ഷിക്കുന്നത്. കാവ്യശില്പത്തിന്റെ അനുധ്യാനത്തിലൂടെ കവിയുടെ ആദ്യപ്രചോദനത്തിൽ എത്തുകയാണ് ആസ്വാദകനും. കവി എത്തിയിടത്തു നിന്ന് വായനക്കാരനും യാത്ര ആരംഭിക്കുന്നു. അതേ വഴിയിലൂടെ തിരിച്ചു നടന്ന് കവി ആരംഭിച്ച ബിന്ദുവിൽ എത്തിച്ചേരുന്നു. ആത്യന്തിക വിശകലനത്തിൽ കവിയുടെയും ആസ്വാദകന്റെയും അനുഭൂതിയിൽ വ്യത്യാസമില്ല. കണ്ണുനീർത്തുള്ളി വായിക്കുമ്പോൾ സ്വന്തം ഭാര്യ മരിച്ച ദുഃഖം വായനക്കാരൻ അനുഭവിക്കുന്നു എന്നല്ല ഇതിന്റെ അർഥം. വ്യക്ത്യനുഭവത്തിനും കാവ്യരചനയ്ക്കും ഇടയ്ക്ക് ഭാവത്തിനുണ്ടാകുന്ന പരിണാമത്തെക്കുറിച്ച് പറഞ്ഞകാര്യങ്ങൾ ഇവിടെ പ്രത്യേകം ഓർക്കേണ്ടതാണ്. ആ മാറ്റം മനസ്സിൽ വെച്ചുകൊണ്ട് പറയുമ്പോൾ കവിയുടെയും ആസ്വാദകന്റെയും അനുഭൂതിയിൽ വ്യത്യാസമില്ല. അവർ ഒരേ ആത്മാവും ഒരേ ഹൃദയവുമായി ഒന്നായിത്തീരുകയാണ്. ഈ ആത്മരഞ്ജനമാണ് കലയുടെ സാഫല്യം. സമാനഹൃദയമുള്ള ആസ്വാദകന്റെ കാര്യത്തിലേ ഈ വിചാരത്തിനു പ്രസക്തിയുള്ളു. അതുകൊണ്ട് സംവേദനം എന്ന പദം പുനർവിചാരണയ്ക്കു വിധേയമാക്കേണ്ടതാണ്. ഒരർഥത്തിൽ സംവേദനം ഇല്ലെന്നു പോലും പറയാം. കലയിൽ ആത്മസംവാദമേ നടക്കുന്നുള്ളു. ഏതു സൃഷ്ടിയും സ്രഷ്ടാവിനുവേണ്ടിയുള്ളതാണ്. അപ്പോൾ പിന്നെ ആസ്വാദകന്റെ നിലയെന്ത് എന്ന ചോദ്യം പ്രസക്തമാണ്. സൃഷ്ടിയിൽ പങ്കുചേരലാണ് ആസ്വാദനമെന്നു പറഞ്ഞാൽ കാര്യം ശരിയാകുമോ എന്നറിഞ്ഞുകൂടാ. മേഘദൂത് ഞാൻ ആസ്വദിക്കുന്നു എന്നു പറഞ്ഞാൽ മേഘദൂതിലെ കവി എന്നിൽ പുനർജ്ജനിക്കുന്നു എന്നാണർഥം. കലയിൽ ആവിഷ്കൃതമാകുന്ന ഭാവത്തിന് അന്യമായി നില്ക്കുന്ന ഹൃദയങ്ങൾ അവയുടെ ആസ്വാദനത്തിന് സമർഥമല്ലാതായിത്തീരുന്നു. കവിയുടെ പ്രതിഭയ്ക്കു സമാനമായ ശക്തിയുള്ള ഭാവുകനുമാത്രമേ ആസ്വാദനം വിധിച്ചിട്ടുള്ളു. "ഞാനിത്രനാളും ഹൃദയത്തിൽ പോറ്റുകയും പറയാൻ ആഗ്രഹിക്കുകയും ചെയ്തതാണല്ലോ ഈ കേട്ടത്" എന്ന കണ്ടെത്തലാണ് ആസ്വാദകൻ നടത്തുന്നത്. അനുവാചകത്തിൽ തീരെ ഇല്ലാത്ത ഒന്നിനെ പകർന്നുകൊടുക്കാൻ എത്ര വലിയ കവിയ്ക്കും സാധ്യമല്ല. അയാളിൽ സുപ്തമായിക്കിടന്നിരുന്നതിനെ വിളിച്ചുണർത്താനേ കഴിയൂ. അഭിനവഗുപ്തന്റെ അഭിവ്യക്തിയുടെ താത്പര്യം ഇതുതന്നെയാണ്. ഈ മർമ്മം കാണാത്തവരാണ് ജനകീയ സാഹിത്യം എന്ന ആഭാണകവുമായി ഓടിക്കൂടിയത് ജനകീയ സാഹിത്യം എന്നൊന്നില്ല. വ്യക്തിസാഹിത്യമേയുള്ളു. സൃഷ്ടിയും ആസ്വാദനവും വ്യക്തിയ്ക്കുമാത്രം വിധിച്ചിരിക്കുന്നു. അതും വിശിഷ്ഠമായ ഒരു വ്യക്തിയ്ക്കുമാത്രം. കുറുക്കുവഴികൾ കൊണ്ട് ഒരുക്കിയെടുക്കാവുന്നതല്ല നിർഭാഗ്യവശാൽ പ്രതിഭ. കലയോടുതൻമയീഭവിക്കുവാനുള്ള സഹജമായ കഴിവാണ് ആസ്വാദകനുവേണ്ടത്. ആ സിദ്ധിയെ അഭ്യാസം കൊണ്ട് വളർത്തിയെടുക്കുകയും വേണം.

46. വർഗ്ഗങ്ങളും പ്രസ്ഥാനങ്ങളും ഊന്നുന്നത് എന്തിലാണ് ?

(A) വിശേഷ ധർമ്മങ്ങളിൽ
(B) പൊതു സ്വഭാവങ്ങളിൽ
(C) സൃഷ്ടാവിന്റെ ഇച്ഛയിൽ
(D) ജീവിത മാതൃകകളിൽ

47. കലാനിരൂപണം അർഥവത്തും പ്രയോജനപ്രദവുമാകുന്നത് എപ്പോൾ?

1. സ്ഥൂലമായ പൊതുസ്വഭാവങ്ങളെ ഉപേക്ഷിക്കുമ്പോൾ
2. സൃഷ്ടിയെ ജൈവരൂപമായി പരിഗണിക്കുമ്പോൾ
3. വൈയക്തിക സവിശേഷതകളിലേക്കു കടക്കുമ്പോൾ
4. കലയെ ജീവിതത്തോടു താരതമ്യപ്പെടുത്തുമ്പോൾ

(A) 1 മാത്രം ശരി
(B) 2 ഉം 3 ഉം ശരി
(C) 1 ഉം 3 ഉം ശരി
(D) 4 മാത്രം ശരി

48. കവിയും ആസ്വാദകനും ഒരേ ആത്മാവും ഒരേ ഹൃദയവുമായി ഒന്നായിത്തീരുകയാണ് എന്ന് പറഞ്ഞതിന്റെ ന്യായീകരണമെന്ത്?

1. ആസ്വാദകനിൽ സമാനസ്പന്ദനം ഉണ്ടാകുമ്പോൾ
2. കവിയുടെ അനുഭൂതിയിലും ദർശനത്തിലും അനുവാചകനും എത്തിച്ചേരുമ്പോൾ.
3. കലാ സൃഷ്ടിപ്രക്രിയയിൽ ആസ്വാദകനും പങ്കുചേരുമ്പോൾ
4. ആസ്വാദകൻ വ്യക്ത്യനുഭവത്തിന്റെ പാരമ്യത്തിലെത്തുമ്പോൾ.

(A) 1 ശരി
(B) 3 മാത്രം ശരി
(C) 2 ഉം 4 ഉം ശരി
(D) 1 ഉം 2 ഉം ശരി

49. **കാര്യം :** അനുവാചകനിൽ തീരെ ഇല്ലാത്ത ഒന്നിനെ പകർന്നു കൊടുക്കാൻ എത്ര വലിയ കവിയ്ക്കും സാധ്യമല്ല.

**കാരണം :** അനുവാചകനിൽ സുപ്തമായി കിടന്നിരുന്നതിനെ വിളിച്ചുണർത്തുമ്പോഴേ സമർഥമായ ആസ്വാദനം സംഭവിക്കുന്നുള്ളു.

(A) കാര്യം ശരി, കാരണം തെറ്റ്
(B) കാര്യവും കാരണവും തെറ്റ്
(C) കാര്യം തെറ്റ് കാരണം ശരി
(D) പ്രബന്ധകാരനെ മുൻനിർത്തി നോക്കിയാൽ കാര്യവും കാരണവും ശരി

**50.** കലാസൃഷ്ടിയേയും ആസ്വാദനത്തേയും സംബന്ധിച്ച് ലേഖകന്റെ സുനിശ്ചിതമായ കാഴ്ചപ്പാടെന്ത് ?

1. സാഹിത്യം ജനകീയമാണ്. അതിൽ വ്യക്തിക്കു പ്രാധാന്യമില്ല.

2. സാഹിത്യം വ്യക്ത്യധിഷ്ഠിതമാണ്.

3. സൃഷ്ടിയും ആസ്വാദനവും വ്യക്ത്യധിഷ്ഠിതമാണ്

4. വ്യക്തിയെന്നാൽ വിശിഷ്ഠവ്യക്തി.

(A) 1 ഉം നാലും ശരി

(B) 2 ഉം 3 ഉം ശരി

(C) 1 ഉം 2 ഉം 3 ഉം ശരി

(D) 2 ഉം 3 ഉം 4 ഉം ശരി

- o O o -

**Space For Rough Work**